ഉത്തരം

(എ&ബി) നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഏലത്തൂർ പഞ്ചായത്തിലെ ഇരഞ്ഞിക്കൽ പി.വി.എസ്. ഹൈസ്ക്കൂളിൽ സ.ഉ (എം.എസ്) 128/10/പൊ.വി.വ തീയതി 20-7-10 പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം എളംകുന്നപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിന് അനുവദിച്ച തുക

99 (3853) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം എളംകുന്നപ്പുഴ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ് ;

(ബി) ടി. ആർ. പി. പ്രകാരം ഞാറക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ് ?

ഉത്തരം

(എ 61 ലക്ഷം രൂപ. (അറുപത്തിയൊന്ന് ലക്ഷം രൂപ)

(ബി) 80 ലക്ഷം രൂപ. (എൺപത് ലക്ഷം രൂപ)

കരുനാഗപ്പള്ളി ബി.ജെ.എസ്.എം.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

100 (3854) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ബി.ജെ.എസ്.എം.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഓരോ കോഴ്സിനും എത്ര സീറ്റു വീതമാണുള്ളത് ;

(ബി) ഓരോ കോഴ്സിനും സംവരണ സമുദായങ്ങൾക്ക് എത്ര സീറ്റു വീതമാണുള്ളതെന്ന് സമുദായം തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2010-11 അദ്ധ്യയന വർഷത്തിൽ ഓരോ കോഴ്സിനും എത്ര പേർ വീതം അപേക്ഷിച്ചു ;

(ഡി) ഓരോ കോഴ്സിനും എത്ര പേർ വീതമുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു ;

(ഇ) ഓരോ സമുദായത്തിനും ഓരോ കോഴ്സിലും എത്ര പേർക്ക് വീതം സംവരണ സമുദായാടിസ്ഥാനത്തിൽ അഡ്മിഷൻ നൽകിയെന്നത് കോഴ്സ് തിരിച്ചും സമുദായം തിരിച്ചും പേരും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly